"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി -ശ്രീ. അജിത്ത് കുമാർ, ചരുവിള പുത്തൻ വീട്- ഭവന നിർമ്മാണം-ബാക്കി നൽകാനുള്ള തുക അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.491/2021/LSGD തീയതി,തിരുവനന്തപുരം, 18/02/2021

---

പരാമർശം:- 1 പുളിമാത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 09/01/2020-ലെ കത്ത്.

2 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10/02/2020 തീയതിലെ കത്ത്.

3 25/02/2020 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.48.

**<u>ഉത്തരവ്</u>**

പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ 6-ാം വാർഡിലെ ശ്രീ. അജിത് കുമാർ, ചരുവിള പുത്തൻ വീട് എന്നയാൾ ലൈഫ് രണ്ടാം ഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ (ഭൂമിയുള്ള ഭവന രഹിതർ) ഉൾപ്പെട്ടിരുന്നു. വീട്ടു നിർമ്മാണത്തിന് കരാർ വയ്ക്കുന്ന അവസരത്തിൽ ഭാര്യയുടെ പേരിലുള്ള 10 സെന്റ് സ്ഥലത്തിന്റെ വിവരങ്ങൾ മാത്രമാണ് കാണിച്ചിരുന്നത്. അപേക്ഷകന് രണ്ടു ഗഡുവായി 2,00,000(രണ്ട് ലക്ഷം)രൂപ ഇതിനകം നൽകിയിരുന്നു. എന്നാൽ അന്വേഷണത്തിൽ ശ്രീ അജിത്തിന് കുടുംബ ഓഹരിയായി 25 സെന്റ് സ്ഥലം ഉണ്ടെന്നു ബോധ്യപ്പെട്ടു എന്നും എന്നാൽ അപേക്ഷകന്റെ ഭാര്യ ബ്രെയിൻ ട്യൂമർ മൂലം മരണപെട്ടുവെന്നും ഭാര്യയുടെ ചികിത്സയ്ക്കായി ഭീമമായ തുക ചിലവഴിക്കേണ്ടിവന്നു എന്നും വാടക കൊടുക്കുവാൻ ബുദ്ധിമുട്ട് ആയതിനാൽ അപേക്ഷകനും രണ്ടു പെൺകുട്ടികളും ബന്ധു വീട്ടിലാണ് താമസിക്കുന്നത് എന്നും ആയതിനാൽ ടിയാളുടെ അവസ്ഥ പരിഗണിച്ചു ടിയാൾക്കു ബാക്കി ഗഡു കൂടി നൽകാൻ അനുമതി നൽകണമെന്നും പരാമർശം(1,2) പ്രകാരം തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറും പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം(3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2,00,000(രണ്ട് ലക്ഷം)രൂപ ഇതിനകം നൽകിയതിനാൽ ബാക്കി പ്രവൃത്തിക്കും കൂടി മാർഗ്ഗ രേഖ പ്രകാരമുള്ള നിരക്കനുസരിച്ച് ഗഡു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം .

സെക്രട്ടറി/ പ്രസിഡന്റ് പുളിമാത്ത് ഗ്രാമ പഞ്ചായത്ത്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.19 11:09:05 IST
Reason: Approved

സെക്ഷൻ ഓഫീസർ